(സി) പ്രതിപക്ഷ നേതാവിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. ഗോപാലകൃഷ്ണൻ ആശാരി നൽകിയ പ്ലെയിമാണ്. 20-8-1990 ലെ ജി.ഒ.(പി.) 163/90/ എച്ച് ആന്റ് എഫ് ഡബ്ല്യൂ ഡി എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് നിരസിച്ചത്.

(ഡി) നിലവിലുള്ള നിയമങ്ങളനുസരിച്ച് പ്ലെയിം അനുവദനീയമല്ലായിരുന്നു. അതുകൊണ്ട് വിശദീകരണം തേടിയില്ല.

(ഇ) സർക്കാർ തലത്തിലാണ് അപേക്ഷയിൽ തീരുമാനമെടുത്തത്.

ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം

22(22) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് കർശനമായി നിർദ്ദേശം നൽകുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നിലധികം വിദേശയാത്ര നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവരുടെ യാത്രയുടെ വിവരവും അതിനുവേണ്ടിവന്ന ചെലവും എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-1-2000-ലെ സ.ഉ.(പി) നമ്പർ: 6/2000/ ധന.പ്രകാരം സംസ്ഥാന ഉദ്യോഗസ്ഥരുടെ വിദേശയാത്ര കർശനമായി നിരോധിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകാവുന്നതാണ്.

മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് ചെലവായ തുക

23(23) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ ഇതുവരെ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly